മന്ദിരങ്ങളിൽ പോകാൻ നിവൃത്തിയില്ലാത്ത, വീടുകളിൽ വേണ്ട സംരക്ഷണം ലഭിക്കാതെ പോകുന്ന, ആറ്റുനോറ്റു വളർത്തുന്ന മക്കളുടെപോലും സംരക്ഷണം ലഭിക്കാൻ ആധുനിക ജീവിതത്തിന്റെ പ്രത്യേകത കൊണ്ട് കഴിയാതെ പോകുന്ന വൃദ്ധജനങ്ങൾക്ക് ഭരണഘടനാപരമായ ബാദ്ധ്യത തന്നെ വച്ചിട്ടുണ്ട്. ആർട്ടിക്കിൾ 21, ഫണ്ടമെന്റൽ റൈറ്റാണ്, ജീവിക്കാനുള്ള അവകാശം. ആർട്ടിക്കിൾ 41, Old age, Sickness, Disablement.....The State is to give public assistance in cases of old age sickness and disablement. ഭരണഘടനാപരമായ ബാദ്ധ്യതയാണ്. ആ ബാദ്ധ്യത നിർവ്വഹിക്കാൻ നമ്മുടെ സംസ്ഥാന ഗവൺമെന്റ് ദൃഢനിശ്ചയത്തോടെ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് എന്റെ വിനീതമായ അപേക്ഷ. അതിന് ഇന്നുള്ള 20 കോടി രൂപ മുതൽ മുടക്കി ചെറിയ ഒരു പെൻഷൻ നൽകുന്നതോ ഏതാനും വൃദ്ധസദനങ്ങൾ....വൃദ്ധസദനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് ഒരുപാട് പരാതികളുണ്ട്. വൃദ്ധസദനങ്ങൾ ജില്ലാ തലത്തിൽ മാത്രമല്ല താലൂക്ക് തലത്തിലും സ്ഥാപിച്ചതുകൊണ്ട് മാത്രം ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുകയില്ല. God's Own Country, Old's Own Country ആയിട്ട് ഏതാനും വർഷങ്ങൾ കഴിയുമ്പോൾ മാറും എന്ന കാര്യം ഗവൺമെന്റിനെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് സ്റ്റാറ്റ്യൂട്ടറി ആയിത്തന്നെ കേരളീയരായ വൃദ്ധജനങ്ങളുടെ സംരക്ഷണം ഉറപ്പ് വരുത്താനുള്ള ഉത്തരവാദിത്തം നമ്മൾ ഏറ്റെടുക്കണം. സർ, പീഡിയാട്രിക്-കുഞ്ഞുങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം കൊടുക്കുമല്ലോ ? ജെറിയാട്രിക്-വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള ആരോഗ്യശാസ്ത്ര ശാഖയാണ്. ആ ജെറിയാട്രികിന് പ്രാധാന്യം കൊടുത്തു കൊണ്ട് കേരളീയ സമൂഹത്തിന്റെ 65% ആയി പെരുകാൻ പോകുന്ന, വളരാൻ പോകുന്ന വൃദ്ധജനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി സംരക്ഷണം ഉറപ്പുവരുത്താനുള്ള നടപടികൾക്ക് കേരളം തുടക്കം കുറിക്കണം എന്ന് കരുതികൊണ്ടാണ് ഈ വൃദ്ധജന സംരക്ഷണ ബിൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

(ചർച്ച തുടരും)

6. ദി കേരള സിവിൽ കോർട്ട്സ് അമെന്റ്മെന്റ് ബിൽ, 2000

<u>ശ്രീ. എം. മുരളി</u> : സർ, കേരള സിവിൽ കോർട്ടസ് അമെന്റ്മെന്റ് ബിൽ 2000-ന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി റോസമ്മ ചാക്കോ</u> : സർ, ഞാൻ പിന്താങ്ങുന്നു.

<u>മി.സ്പീക്കർ</u> : ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ.....

<u>ശ്രീ. എം. മുരളി</u> : സർ, ഈ അമെന്റ്മെന്റ് നിയമ മന്ത്രി തന്നെ മറുപടി പറയുന്നതിൽ.....

<u>മി.സ്പീക്കർ</u> : നിയമ മന്ത്രിക്ക് വേണ്ടി അദ്ദേഹമാണ് മറുപടി പറയുന്നത്.

<u>ശ്രീ. എം. മുരളി</u> : സർ, അത് അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസാണ്. യഥാർത്ഥത്തിൽ അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റീസ് വരുന്നത് മുഖ്യമന്ത്രിയുടെ കീഴിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : എല്ലാം നിയമം തന്നെയാണ്. നിയമ മന്ത്രി തന്നെയാണ്, മുഖ്യമന്ത്രിക്ക് എല്ലാം ആകാം.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രിക്ക് വേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കേരള സിവിൽ കോർട്ട്സ് അമെന്റ്മെന്റ് ബിൽ ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു പോലെ അതിന്റെ ഉള്ളടക്കം സ്വീകരിക്കാൻ സാദ്ധ്യമല്ല. ഗവൺമെന്റ് കാലോചിതമായിട്ടുള്ള ഭേദഗതി കൊണ്ടുവരണമെന്ന് ആഗ്രഹിക്കുന്നുണ്ട്. അതു കൊണ്ട് ഈ ബിൽ അവതരിപ്പിക്കേണ്ടതില്ല എന്നുള്ളതാണ് എനിക്ക് ബഹു.നിയമ വകുപ്പുമന്ത്രിക്ക് വേണ്ടി.....

ശ്രീ. എം. മുരളി : സർ, 1957-ലെ സിവിൽ കോർട്ട്സ് ആക്റ്റ് സെക്ഷൻ 19, അതിൽ ഒരു ചെറിയ ഭേദഗതി വരുത്തണമെന്നുള്ളതാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ അമെന്റ്മെന്റ് ബില്ലിന്റെ ഉദ്ദേശം. സ്വകാര്യ ബിൽ സ്വീകരിക്കില്ല എന്ന് എനിക്കറിയാം. അത് തത്വത്തിൽ ഗവൺമെന്റ് സ്വീകരിച്ച്.....

മി.സ്പീക്കർ : സ്വീകരിക്കാവുന്നതാണെങ്കിൽ സ്വീകരിക്കാം.

ശ്രീ. എം. മുരളി : സർ, സ്വീകരിക്കാം എന്ന് അദ്ദേഹം പറഞ്ഞു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മി.സ്പീക്കർ : ഈ സഭയിലും അത് സ്വീകരിച്ചിട്ടുണ്ട്. പാർലമെന്റിലും സ്വീകരിച്ചിട്ടുണ്ട്, സ്വീകരിക്കാവുന്നത്.....

ശ്രീ. എം. മുരളി : അദ്ദേഹം ഭേദഗതി കൊണ്ടു വരാം എന്നാണ് ഇപ്പോൾ പറഞ്ഞത്. ഞാൻ കേട്ടത് അങ്ങനെയാണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, അല്ല അങ്ങനെയല്ല. ശ്രീ എം. മുരളി അവതരിപ്പിച്ചതിന്റെ ഉള്ളടക്കം സ്വീകരിക്കാൻ സാദ്ധ്യമല്ല എന്നാൽ കാലോചിതമായ മാറ്റം ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിനൊരു ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട് അതുകൊണ്ട് അത് അവതരിപ്പിക്കേണ്ടതില്ല എന്നാണ്.

ശ്രീ. എം. മുരളി : സർ, ഞാൻ കാലോചിതമായ ഭേദഗതിക്കല്ല ഇത് കൊണ്ടുവന്നത്. ഒരു ചെറിയ ഭേദഗതി മാത്രമേയുള്ളൂ. 1957-ലെ ദി കേരള സിവിൽ കോർട്ട്സ് ആക്റ്റ് സെക്ഷൻ 19 അനുസരിച്ച് ഒരു വർഷം, ഹൈക്കോടതിയുടെ തീരുമാന പ്രകാരം 60 ദിവസം വരെ ഈ കോടതികൾക്ക് വെക്കേഷൻ കൊടുക്കും. അവധി കൊടുക്കും. ഈ കാലഘട്ടത്തിൽ ജില്ലാ കോടതികളെ സംബന്ധിച്ചിടത്തോളം അപ്പീലുകളും അപേക്ഷകളും പരിഗണിക്കാൻ വെക്കേഷൻ കോർട്ടുകളെ ഹൈക്കോടതി ചുമതലപ്പെടുത്തും. അതിനുള്ള അധികാരം ഹൈക്കോടതിക്ക് വെസ്റ്റ് ചെയ്യുന്ന സെക്ഷൻ 19, അതിൽ കേരളത്തിലെ ജില്ലാ കോടതികൾ എടുത്താൽ ജില്ലാ കേന്ദ്രത്തിന് പുറത്ത് രണ്ട് ജില്ലാ കോടതികൾ മാത്രമാണുള്ളത്. ഒന്ന് എന്റെ നിയോജക മണ്ഡലമായ മാവേലിക്കര ജില്ലാ കോടതിയും മറ്റൊന്ന് പറവൂർ ജില്ലാ കോടതിയും. മറ്റ് ജില്ലാ കോടതികൾ എല്ലാം ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

ആസ്ഥാനങ്ങളിലാണ്. അവിടെയെല്ലാം ഹൈക്കോടതി, വെക്കേഷൻ ജഡ്ജിമാരെ നിയമിക്കുകയും വെക്കേഷൻ കോടതികൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജില്ലാ ആസ്ഥാനങ്ങൾക്ക് പുറത്തുള്ള മാവേലിക്കരയിലും പറവൂരിലും മാത്രമാണ് വെക്കേഷൻ കോടതികളും വെക്കേഷൻ ജഡ്ജിമാരും ഇല്ലാത്തത്. 60 ദിവസം ഞങ്ങളുടെ അഡീഷണൽ ആന്റ് ജില്ലാ സെക്ഷൻസ് കോടതികൾ അടച്ചിടുമ്പോൾ അപ്പീൽ കൊടുക്കാനും നീതി തേടി ജില്ലാ കേന്ദ്രങ്ങളിൽ പോകണം. മാവേലിക്കരയെ സംബന്ധിച്ചിടത്തോളം ആലപ്പുഴ ജില്ലാ കോടതിയിലേക്ക് പോകണം. ഇതിന്റെ പ്രദേശ പരിധിയിൽ നിന്ന് 80 കിലോമീറ്റർ അകലെയുള്ള ആലപ്പുഴ ജില്ലാക്കോടതിയിലേക്ക് പോകേണ്ടി വരുന്നത് കൊണ്ട് സാധാരണക്കാർക്കും പാവപ്പെട്ടവർക്കും വെക്കേഷൻ കാലത്ത് നീതി തേടാൻ ഒരുപാട് അലയേണ്ടി വരുന്നു. അതു കൊണ്ട് മറ്റ് ജില്ലാക്കോടതികളെ പോലെ തന്നെ ജില്ലാ ആസ്ഥാനങ്ങൾക്ക് പുറത്തുള്ള മാവേലിക്കരയിലേയും പറവൂരിലേയും ജില്ലാക്കോടതികളിൽ വെക്കേഷൻ കോടതികൾ ഏർപ്പെടുത്തുകയും ജഡ്ജിമാരെ ചുമതലപ്പെടുത്തുകയും ചെയ്യുക, എന്നുള്ളത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ജനങ്ങളുടെ ആവശ്യമാണ്. എന്റെ മണ്ഡലത്തിലെ കോടതി, മാവേലിക്കര ജില്ലാ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോർട്ട്-1940-ൽ സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാകൂറിന്റെ കാലത്ത് സ്ഥാപിതമായതാണ്. 61 വർഷം പഴക്കമുള്ള കോടതിയാണ്. ഇതിന്റെ പ്രദേശ പരിധി ചെങ്ങന്നൂർ റവന്യൂ ഡിവിഷൻ മുഴുവനായിട്ടുണ്ട്. മൂന്ന് താലൂക്കുകൾ, മാവേലിക്കര, ചെങ്ങന്നൂർ, കാർത്തികപ്പള്ളി എന്നീ മൂന്ന് താലൂക്കുകൾ വരും. 532 സ്കയർ കിലോമിറ്റർ വിസ്തൃതി ഈ പ്രദേശത്തിനുണ്ട്. 12 ലക്ഷത്തോളം ജനങ്ങൾ ഈ പ്രദേശത്ത് താമസിക്കുന്നുണ്ട്. മാവേലിക്കരയിൽ, രണ്ട് അഡീഷണൽ ജില്ലാ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതികളും ഒരു സബ് കോർട്ടും 4 മുനിസിപ്പൽ കോടതികളും 5 മജിസ്ട്രേറ്റ് കോടതികളും 15 പോലീസ് സ്റ്റേഷനുകളും ആ പ്രദേശ പരിധിയിൽ ഉണ്ട്. അതുകൊണ്ടാണല്ലോ ജില്ലാ കേന്ദ്രത്തിന് പുറത്ത് മാവേലിക്കരയിൽ 1940-ൽ ഒരു ജില്ല. കോടതി ഉണ്ടായത്. അപ്പോൾ അവിടെ 60 ദിവസക്കാലം വെക്കേഷൻ കാലത്ത് കോടതിയില്ല. വെക്കേഷൻ കോർട്ട് ഇല്ലാതെ പോകുന്നതുകൊണ്ട് നീതി തേടുന്ന ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ഒരു ചെറിയ ഭേദഗതി, ഹൈക്കോടതിക്ക് ഒരു അധികാരം ഈ സിവിൽ കോർട്ട്സ് ആക്റ്റ് അനുസരിച്ച് ഒരു ചെറിയ അമെന്റ്മെന്റ് കൊണ്ടുവന്നാൽ മതി. മാവേലിക്കരയും പറവൂരും കൂടെ ജില്ലാക്കോടതിയോട് അനുബന്ധിച്ച് വെക്കേഷൻ കോർട്ട് ഏർപ്പെടുത്താനായി ഹൈക്കോടതിയെ ചുമതലപ്പെടുത്തിയാൽ, അധികാരം നൽകിയാൽ, 1957-ലെ നിയമത്തിന് ചെറിയ ഒരു ഭേദഗതി വരുത്തിയാൽ മാവേലിക്കരയിലേയും പറവൂരിലേയും കോടതികളിൽ നീതി തേടി എത്തുന്ന ജനങ്ങൾ ഇന്ന് അനുഭവിക്കുന്ന വെക്കേഷൻ കാലത്തെ അവധിക്കാലത്തെ ദുരിതത്തിനും പ്രയാസത്തിനും പരിഹാരം ഉണ്ടാക്കാം. ദയവായിട്ട് ഗവൺമെന്റ് ഇതിനെക്കുറിച്ച് പരിഗണിക്കുകയും ഒരു ചെറിയ ഭേദഗതി കൊണ്ടു വരികയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. (ചർച്ച തുടരും)

മി.സ്പീക്കർ : അങ്ങയുടെ പരിശ്രമങ്ങൾക്ക് നന്ദി.

LIBRARY ARCHIVES Kerala Legislative Assembly